ഒരു കിലോവാട്ട് പ്ലാന്റിൽ നിന്നും സൗരോർജ്ജത്തിന്റെ ലഭ്യതയ്ക്കനുസരിച്ച് 3-3.5 യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കാനാവുമെന്ന് കണക്കാക്കുന്നു. ഈ പദ്ധതിയിൽ ഇതുവരെയായി ഏകദേശം 7000-ത്തോളം പ്ലാന്റുകൾ സ്ഥാപിക്കുകയും ഇതുവഴി 7 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുവാനും സാധിച്ചിട്ടുണ്ട്.

2014-15-ൽ ആരംഭിച്ച സോളാർ കണക്ട് പദ്ധതിയുടെ ലക്ഷ്യം 12 മെഗാവാട്ട് സ്ഥാപിതശേഷി കൈവരിക്കുക എന്നതാണ്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

(ബി) കേന്ദ്ര നവനവകരണീയ ഊർജ്ജ മന്ത്രാലയത്തിന്റെ കേരളത്തിലെ നോഡൽ ഏജൻസി അനെർട്ടാണ്.

(സി) കേന്ദ്ര നവനവകരണീയ മന്ത്രാലയത്തിൽനിന്നും ചാനൽ പാർട്ണേഴ്സായി അംഗീകാരം നേടിയിട്ടുള്ള കമ്പനികളിൽ നിന്നും തെരെഞ്ഞെടുക്കപ്പെട്ടവരെയാണ് അനെർട്ട് എംപാനൽ ചെയ്തിട്ടുള്ളത്. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ഡി) ഒരു കിലോവാട്ട് പ്ലാന്റിൽനിന്നും സൗരോർജ്ജത്തിന്റെ ലഭ്യതയ്ക്കനുസരിച്ച് 3-3.5 യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കാനാവും.

വിവിധ പദ്ധതികളിൽ നിന്നുള്ള വൈദ്യുതി ഉൽപ്പാദനം

11 (356) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം ജലവൈദ്യുത പദ്ധതിയിൽനിന്നും ഇതര പദ്ധതികളിൽനിന്നും വൈദ്യുതി ഉൽപ്പാദനത്തിൽ ലക്ഷ്യമിട്ടത് കൈവരിക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) ജലവൈദ്യുത പദ്ധതിയിൽ നിന്നും ഇതര വൈദ്യുത പദ്ധതികളിൽ നിന്നും എത്ര വൈദ്യുതി ഉൽപാദനമാണ് ലക്ഷ്യമിട്ടിരുന്നതെന്നും അതിൽ എത്ര ഉൽപ്പാദനം സാദ്ധ്യമായിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

(സി) വൈദ്യുതി ഉൽപ്പാദന മേഖലയിൽ ലക്ഷ്യം കൈവരിക്കാതെ പോയതിന് സർക്കാരിന്റെ ഉദാസീനത കാരണമായി എന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ ജലവൈദ്യുത പദ്ധതികളിൽ നിന്നും ഇതര പദ്ധതികളിൽ നിന്നുമായി 39.61 മെഗാവാട്ടിന്റെ വൈദ്യുതി ഉൽപ്പാദനം പൂർത്തീകരിക്കാൻ സാധിച്ചു വിശദാംശം അനുബന്ധം I ആയി ചേർത്തിരിക്കുന്നു.* കെ.എസ്.ഇ.ബി. നടപ്പിലാക്കി കൊണ്ടിരിക്കുന്ന ജലവൈദ്യുത പദ്ധതികൾക്കുപുറമേ കൊല്ലം ജില്ലയിൽ വെസ്റ്റ് കല്ലട ഗ്രാമപഞ്ചായത്തിൽ സ്ഥാപിക്കുന്ന 50 മെഗാവാട്ടിന്റെ സോളാർ പദ്ധതിയ്ക്കായി NHPC-യുമായി 7-5-2014-ൽ ധാരണാപത്രം ഒപ്പുവച്ചു കൂടാതെ 6-1-2014-ൽ പാലക്കാട് ജില്ലയിൽ 82 മെഗാവാട്ടിന്റെ കാറ്റാടി പദ്ധതി സ്ഥാപിക്കുന്നതിന് NHPC-യും കേരള സർക്കാരും ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി DPR തയ്യാറാക്കിവരുന്നു.

ഇതിനുപുറമേ M/s Inox Renewable Energy Limited കഞ്ചിക്കോട് കിൻഫ്രയുടെ സ്ഥലത്ത് 22 മെഗാവാട്ടിന്റെ കാറ്റാടി പദ്ധതി സ്ഥാപിക്കുന്നതും പുരോഗമിച്ചുവരികയാണ്.

കാസർഗോഡ് ജില്ലയിൽ സോളാർ പാർക്ക് സ്ഥാപിക്കുന്നതിനായി കേന്ദ്ര സർക്കാർ സ്ഥാപനമായ എസ്.ഇ.സി.ഐ. (SECI- Solar Energy Corporation of India)യുമായി സഹകരിച്ച് 200 മെഗാവാട്ടിന്റെ പദ്ധതി നടപ്പിലാക്കാനും ലക്ഷ്യമിടുന്നു.

കൂടാതെ 10 മെഗാവാട്ട് സ്ഥാപിതശേഷി ലക്ഷ്യമിട്ട് അനെർട്ട് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന 10000 സൗരഗൃഹ പദ്ധതിയിൽ ഇതുവരെ 7000-ത്തിലധികം പവർ പ്ലാന്റുകൾ സ്ഥാപിക്കുകവഴി 7 മെഗാവാട്ട് സ്ഥാപിതശേഷി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

12 മെഗാവാട്ട് സ്ഥാപിതശേഷി ലക്ഷ്യമിട്ട് അനെർട്ട് നടപ്പിലാക്കുന്ന സോളാർ കണക്ട് ശൃംഖലാബന്ധിത വൈദ്യുതോൽപ്പാദന പദ്ധതി പ്രകാരം 2 കിലോവാട്ട് മുതൽ പരമാവധി 50 കിലോവാട്ട് വരെയുള്ള സൗരനിലയങ്ങൾക്ക് വേണ്ടി വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും അപേക്ഷിക്കാവുന്നതാണ്. ഈ പദ്ധതിയിൻ കീഴിൽ മുൻഗണനാക്രമത്തിൽ ലഭിച്ച 5 മെഗാവാട്ട് വരെയുള്ള അപേക്ഷകർക്ക് മാത്രമേ കേന്ദ്ര സർക്കാരിന്റെ ധനസഹായം (മൊത്തം ചെലവിന്റെ 30% അല്ലെങ്കിൽ ഒരു കിലോവാട്ടിന് പരമാവധി 24,000 രൂപ മാത്രം ഏതാണോ കുറവ് അത്) നിലവിൽ ലഭ്യമാകുകയുള്ളൂ. എന്നാൽ സംസ്ഥാന സർക്കാരിന്റെ ധനസഹായം (ഒരു കിലോവാട്ടിന് 10,000 രൂപ മാത്രം) 12 മെഗാവാട്ട് വരെ ലഭ്യമാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ കഴൽമന്ദത്ത് അനെർട്ടിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാന വൈദ്യുത ശൃംഖലയുമായി ബന്ധിപ്പിക്കുന്ന തരത്തിലുള്ള 2 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പവർപ്ലാന്റ് സ്ഥാപിക്കാനുള്ള ഇ-ടെണ്ടർ നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

(സി) വൈദ്യുതി ഉൽപ്പാദന മേഖലയിൽ പുരോഗതി കൈവരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഊർജ്ജ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് കോടതികൾ മുഖാന്തിരവും അല്ലാതെയുമുള്ള തടസ്സങ്ങൾ പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിനുള്ള താമസം തുടങ്ങിയ അനിയന്ത്രിത കാരണങ്ങളാൽ പദ്ധതി നടത്തിപ്പിന് സമയദൈർഘ്യം വേണ്ടിവരുന്നുണ്ട്.

ജലേതര സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി ഉൽപ്പാദനം

12 (357) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് ജലേതര സ്രോതസ്സുകളിൽനിന്നും വൈദ്യുതി ഉൽപാദിപ്പിക്കുന്നതിന് ഏതെല്ലാം പദ്ധതികളാണ് ആരംഭിച്ചിട്ടുള്ളതെന്ന് ജില്ല തിരിച്ച് അറിയിക്കാമോ ;

(ബി) പ്രസ്തുത പദ്ധതികളിൽനിന്നും എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ഉത്പാദിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടെന്നുള്ള വിവരം ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ ;

(സി) പുതിയതായി ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ&ബി) ഈ സർക്കാരിന്റെ കാലത്ത് ജലേതര സ്രോതസ്സുകളിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് ആരംഭിച്ച പദ്ധതികളും അവയുടെ ശേഷിയും താഴെപ്പറയും പ്രകാരമാണ് :

എറണാകുളം ജില്ല

1. ബ്രഹ്മപുരത്ത് ഡീസൽ പവർപ്ലാന്റിൽ വാതകാധിഷ്ഠിത ജനറേറ്റർ സ്ഥാപിക്കുന്ന പദ്ധതി-39.86 MW

LIBRARY ARCHIVES Kerala Legislative Assembly